## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1439 12.07.2011 ൽ മറുപടിയ്ക്ക്

### 2006-2010 കാലത്തെ നികുതി/നികുതിയേതര വരുമാനം

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | 2006-2010 കാലത്തെ നികുതി/നികുതിയേതര വരുമാനം എത്രയായിരുന്നു എന്ന് വിശദമാക്കാമോ;<br>വാർഷിക ലിസ്റ്റ് നൽകുമോ; | (എ) | 2006-10 കാലത്തെ നികുതി വരുമാനം-<br>1,02,022.64 കോടി രൂപയും<br>നികുതിയേതര വരുമാനം 18,446.34 കോടി രൂപയുമാണ്<br>വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ; | (ബി) യും (സി) യും | എ. പിരിവിൽ സൂചിപ്പിക്കുന്ന നികുതി വർദ്ധനവ് മുൻ സർക്കാരിന്റെ നേട്ടമായി പൂർണ്ണമായും കാണാൻ കഴിയില്ല. മൂല്യ വർദ്ധിത നികുതി നിയമം നടപ്പിലാക്കിയപ്പോൾ ഏകതല നികുതി സമ്പ്രദായത്തിൽ നിന്ന് ബഹുതല സമ്പ്രദായത്തിലേക്ക് മാറിയപ്പോൾ ഉണ്ടായ സാധാരണ വർദ്ധനവാണ് കഴിഞ്ഞവർഷങ്ങളിൽ രേഖപ്പെടുത്തിയത്. നികുതിയേതര വരുമാനത്തിൽ 2008-2009 സാമ്പത്തിക വർഷം മുതൽ കാര്യമായ വർദ്ധനവ് കാണിക്കുന്നില്ല. |
| (സി) | 2001-2006 കാലത്തെ അപേക്ഷിച്ച് 2006-2010 കാലയളവിൽ എത്ര ശതമാനം നികുതി വർദ്ധനവുണ്ടായി എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | വാണ്യനികുതി വകുപ്പ് ചെക്ക് പോസ്റ്റുകൾ അഴിമതി രഹിതമാക്കുന്നതിനായി 2006-2011 കാലയളവിൽ എന്തെല്ലാം നടപടികൾ ആണ്സ്വീകരിച്ചത്;<br>പ്രസ്തുത നടപടികൾ തുടരുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ? | (ഡി) | ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കുന്നതിനുവേണ്ടി വാളയാർ, ബംഗര, മഞ്ചേശ്വരം, അമരവിള എന്നിവിടങ്ങളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് പ്രത്യേക പരിശീലനം, പോലീസ് സംരക്ഷണം ഉറപ്പാക്കാൽ സോഷ്യൽ ഓഡിറ്റിംഗ്, പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ കമ്പ്യൂട്ടർ സംവിധാനം, വെയ്ബ്രിഡ്ജ് സ്ഥാപിക്കൽ കാലതാമസം ഒഴിവാക്കാനുള്ള ഗ്രീൻ ചാനൽ സംവിധാനം ഹെൽപ്പ് ഡെസ്ക് സേവനം തുടങ്ങിയവയും ഏർപ്പെടുത്തി.<br><br>നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കുന്നതിനും ഈ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Chandrika

സെക്ഷൻ ഓഫീസർ

അനുബന്ധം

വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു (രൂപ കോടിയിൽ ):-

| ഐറ്റം | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11* |
| --- | --- | --- | --- | --- | --- |
| നികുതി വരുമാനം | 15,153.86 | 17,720.65 | 20,265.70 | 22,023.80 | 26,858.63 |
| നികുതിയേതര വരുമാനം | 3,032.77 | 3,386.15 | 4,246.47 | 4,085.60 | 3,695.35 |

*(അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ അനുസരിച്ച്)

(signature)
സെക്ഷൻ ഓഫീസർ